'ഭരണഭാഷ- മാതൃഭാഷ'

കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - കുടുംബശ്രീ - ജീവനക്കാര്യം - തിരുവനന്തപുരം സീ-ആപ് റ്റ്-ലെ യു.ഡി.ക്ലർക്ക്, ശ്രീ.ശരത് കുമാർ എം.ബി-യുടെ കൊല്ലം ജില്ലാ മിഷനിലെ ഓഫീസ് സെക്രട്ടേറിയൽ സ്റ്റാഫ് തസ്തികയിലെ അന്യത്രസേവന കാലാവധി -ദീർഘിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശ സ്വയംഭരണ(ഐ.എ)വകുപ്പ്

**സ.ഉ.(സാധാ) നം.2787/2019/ത.സ്വ.ഭ.വ** തീയതി,തിരുവനന്തപുരം, 07/12/2019

പരാമർശം:- 1 10.05.2013 തീയതിയിലെ42/2013/ഫിൻ നം.സർക്കുലർ

2 28.11.2013 തീയതിയിലെ സ.ഉ(പി)നം.580/2013/ഫിൻ.

3 10.05.2017 തീയതിയലെ സ.ഉ(സാധാ)1508/2017/തസ്വഭവ.

4 26.11.2018 തീയതിയിലെ സ.ഉ(സാധാ)3001/2018/തസ്വഭവ.

5 കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 14.05.2019-ലെ 5757/ഇ1/2017/കെ.എസ്.എച്ച്.ഒ നമ്പർ കത്ത്.

ഉത്തരവ്

തിരുവനന്തപുരം സി-ആപ്റ്റിലെ യു.ഡി ക്ലർക്കായ ശ്രീ. ശരത് കുമാർ എം.ബി-യെ കുടുംബശ്രീ കൊല്ലം ജില്ലാ മിഷൻ ഓഫീസിൽ ഓഫീസ് സെക്രട്ടേറിയൽ സ്റ്റാഫായി അന്യത്രസേവന വ്യവസ്ഥയിൽ പരാമർശം (3)ലെ സർക്കാർ ഉത്തരവു പ്രകാരം നിയമിക്കുകയും പരാമർശം(4)പ്രകാരം ടിയാളുടെ അന്യത്രസേവനം 16/05/2019 വരെ ദീർഘിപ്പിച്ചു നൽകുകയും ചെയ്തിരുന്നു.

(2) ടിയാളുടെ അന്യത്രസേവന കാലാവധി 16/05/2019 തീയതിയിൽ അവസാനിച്ച സാഹചര്യത്തിൽ 17/05/2019 തീയതി മുതൽ ഒരു വർഷത്തേക്ക് കൂടി അന്യത്രസേവനം ദീർഘിപ്പിച്ചു നൽകണമെന്ന് പരാമർശം (5)- ലെ കത്ത് പ്രകാരം കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ സർക്കാരിനോട് അഭ്യർത്ഥിക്കുകയുണ്ടായി

(3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. തിരുവനന്തപുരം സി-ആപ്റ്റിലെ യു.ഡി ക്ലർക്കായ ശ്രീ. ശരത് കുമാർ. എം.ബി-യുടെ കുടുംബശ്രീ കൊല്ലം ജില്ലാ മിഷനിലെ ഓഫീസ് സെക്രട്ടേറിയൽ സ്റ്റാഫ് തസ്തികയിലെ അന്യത്ര സേവനകാലം കേരള സർവ്വീസ് റൂൾസ് ഭാഗം -1 ചട്ടം (140 സി) പ്രകാരമുള്ള വ്യവസ്ഥകൾക്കും പരാമർശം (1), (2) ഉത്തരവിലെ മാനദണ്ഡങ്ങൾക്കും വിധേയമായി 17/05/2019 മുതൽ ഒരു വർഷത്തേക്ക് കൂടി ദീർഘിപ്പിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻപ്രകാരം)
**നന്ദന ആർ പി**
**അണ്ടർ സെക്രട്ടറി**

എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ, തിരുവനന്തപുരം

ശ്രീ.ശരത് കുമാർ എം.ബി. (മാനേജിംഗ് ഡയറക്ടർ സി-ആപ് റ്റ് മുഖേന)

മാനേജിംഗ് ഡയറക്ടർ, സി-ആപ് റ്റ്, തിരുവനന്തപുരം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ/എൽ.ബി.എ), കേരളം, തിരുവനന്തപുരം

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം

കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ